നം. വൈ(2)/ 540620/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 04/08/2022

# സർക്കുലർ

വിഷയം :- പൊ.വി. - 2022 വർഷത്തെ ദേശീയ അധ്യാപക ദിനാചരണത്തിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന വിവിധ പരിപാടികൾ - സംബന്ധിച്ച്.

സൂചന :-

ഈ വർഷത്തെ ദേശീയ അധ്യാപകദിനം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി അധ്യാപകർക്കുവേണ്ടി വിവിധ ഇനങ്ങളിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. ഈ വർഷത്തെ റ്റി.റ്റി.ഐ, പി.പി.റ്റി.റ്റി.ഐ കലോത്സവവും ഇതോടൊപ്പം നടത്തുന്നു. സെപ്റ്റംബർ 4-ാം തീയതിയാണ് റ്റി.റ്റി.ഐ, പി.പി.റ്റി.റ്റി.ഐ മത്സരങ്ങൾ നടത്തുക. മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരം മത്സരങ്ങൾ നടത്താൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് താഴെപ്പറയുന്ന മത്സരങ്ങൾ അധ്യാപകർക്കായി നടത്തുന്നതാണ്.

**1. സംഘഗാനം** **2. കവിയരങ്ങ്** **3. ലളിതഗാനം**

അധ്യാപകർക്ക് വേണ്ടിയുള്ള മേൽ സൂചിപ്പിച്ച മത്സരങ്ങൾ സംസ്ഥാനതലത്തിൽ 2022 സെപ്റ്റംബർ 4-ാം തീയതി നടത്തുന്നതാണ്. മേൽ സൂചിപ്പിച്ച മത്സരങ്ങൾ ജില്ലാ തലത്തിൽ നടത്തേണ്ടതും അർഹരായവരെ കണ്ടെത്തി സംസ്ഥാനതല മത്സരത്തിനായി അയക്കേണ്ടതുമാണ്. ഓരോ മത്സരത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. സംഘഗാനം**

റവന്യൂ ജില്ലയിൽ നിന്നും അധ്യാപകരുടെ ഒരു സംഘഗാന ഗ്രൂപ്പിനെ അയയ്ക്കാവുന്നതാണ്. ഈ ടീമിൽ പരമാവധി 10 അധ്യാപകർ മാത്രമേ പാടുള്ളു. സംഘഗാനം അവതരിപ്പിക്കാനുള്ള സമയം 10 മിനിറ്റായിരിക്കും. വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ശ്രുതി മാത്രം ഉപയോഗിക്കാവുന്നതാണ്.

**2. കവിയരങ്ങ്**

ജീവൽ മൂല്യാധിഷ്ഠിതമായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള കവിതയാണ് അവതരിപ്പിക്കേണ്ടത്. 40 വരികൾ വരെ ആകാം. കവിത അവതരിപ്പിക്കാനുള്ള സമയ പരമാവധി 8 മിനിറ്റായിരിക്കും. പരിഭാഷ പാടില്ല. റവന്യൂ ജില്ലയിൽ നിന്നും സംസ്ഥാന തല മത്സരത്തിന് ഒരു അധ്യാപകനെ/അധ്യാപികയെ മാത്രമേ അയയ്ക്കാൻ പാടുള്ളു. കവിതയുടെ രചനാപരമായ മൂല്യവും അവതരണത്തിലെ ശുദ്ധിയും കണക്കിലെടുത്തായിരിക്കും ജേതാക്കളെ നിശ്ചയിക്കുന്നത്. അധ്യാപകർ സ്വയം രചിച്ച കവിതകളായിരിക്കണം അവതരിപ്പിക്കേണ്ടത്.

3. ലളിതഗാനം

അവതരിപ്പിക്കുന്നതിനുള്ള സമയം 5 മിനിറ്റ് ആയിരിക്കും. സിനിമാഗാനം അനുവദനീയമല്ല. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹരായ അധ്യാപകരെ കണ്ടെത്തുന്നതിന് ജില്ലാതല മത്സരം സംഘടിപ്പിക്കേണ്ടതാണ്. റവന്യൂ ജില്ലയെ പ്രതിനിധീകരിച്ച് ലളിതഗാനത്തിൽ സംസ്ഥാനതലത്തിൽ ഒരു അധ്യാപകനെ/ അധ്യാപികയെ മാത്രമേ പങ്കെടുപ്പിക്കാൻ പാടുള്ളു.

**പൊതുനിർദ്ദേശങ്ങൾ**

ഈ വർഷത്തെ അധ്യാപകദിനാഘോഷം സെപ്റ്റംബർ 4, 5 തീയതികളിലാണ് നടത്തുന്നത്. ജില്ലയും, സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്. സെപ്റ്റംബർ 4-ാം തീയതി 9 മണി മുതൽ റ്റി.റ്റി.ഐ, പി.പി.റ്റി.റ്റി.ഐ കലോത്സവം സംസ്ഥാനതലത്തിൽ ആരംഭിക്കുന്നതാണ്. രചനാ മത്സരങ്ങൾ എല്ലാ ജില്ലയിലും ഒരേ വിഷയം ആയതിനാൽ **19/08/2022** ന് തന്നെ നടത്തേണ്ടതാണ്. വിഷയം പിന്നാലെ അറിയിക്കുന്നതാണ്. **ഇതിൽ ഉയർന്ന സ്കോർ ലഭിക്കുന്ന രണ്ട് സ്ക്രിപ്റ്റുകൾ സംസ്ഥാനതലത്തിൽ മൂല്യനിർണ്ണയം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം **22/08/2022** ന് എത്തിക്കേണ്ടതാണ്. റ്റി.റ്റി.ഐ, പി.പി.റ്റി.റ്റി.ഐ കലോത്സവ മാന്വൽ പ്രകാരം തന്നെ മത്സരങ്ങൾ നടത്തേണ്ട താണ്. മറ്റ് ജില്ലാതല മത്സരങ്ങൾ **23/08/2022**ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

മത്സരങ്ങളിൽ പങ്കെടുക്കുന്ന അധ്യാപകരുടെ പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, സ്കൂൾ അഡ്രസ്സ് എന്നിവ **25/08/2019** ന് മേൽപ്പറഞ്ഞ വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. വൈകി വരുന്ന എൻട്രികൾ സ്വീകരിക്കുന്നതല്ല.

സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന അധ്യാപകർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്ന തായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് യാത്രാബത്ത നൽകും. വിദ്യാഭ്യാസ ആഫീസർമാർ ഈ സർക്കുലറിന്റെ ഒരു കോപ്പി അവരുടെ അധികാര പരിധിയിൽ വരുന്ന പ്രഥമാധ്യാപകർക്കും റ്റി.റ്റി.ഐ, പി.പി.റ്റി.റ്റി.ഐ പ്രിൻസിപ്പാൾമാർക്കും നൽകേണ്ടതാണ്. കൂടാതെ വിവിധ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചാരണം നൽകേണ്ടതും ആണ്.

2022 വർഷത്തെ ദേശീയ അധ്യാപകദിനം സമുചിതമായി ആഘോഷിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ആഫീസർമാരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. കരുതൽ ഫയൽ